**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - തിരുവനന്തപുരം നഗരസഭയിൽ താല്ക്കാലികാടിസ്ഥാനത്തിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായി നിയമിതരായ ശ്രീ. ബിനുകുമാർ. ആർ ഉം മറ്റ് 4 പേരും ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ.2230/2016 ൽ ബഹു. ട്രിബ്യൂണൽ പുറപ്പെടുവിച്ച 28.09.2016 തീയതിയിലെ വിധിന്യായം - നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

.=========================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 358/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 08.02.2017

=========================================================================

**പരാമർശം** :
1) തിരുവനന്തപുരം നഗരസഭാ അഡീഷണൽ സെക്രട്ടറിയുടെ 18.08.2015 തീയതിയിലെ GA1/44905/2015 നമ്പർ ഉത്തരവ്.
2) നഗരകാര്യ ഡയറക്ടറുടെ 05.08.2016 ലെ ഇ2-2018/16 നമ്പർ കത്ത്.
3) തിരുവനന്തപുരം നഗരസഭാ അഡീഷണൽ സെക്രട്ടറിയുടെ 20.08.2016 തീയതിയിലെ GA7/GA1/44905/2015 നമ്പർ കത്ത്.
4) ശ്രീ. ബിനുകുമാർ തുടങ്ങിയവർ സർക്കാരിൽ സമർപ്പിച്ച 24.09.2016 ലെ ഹർജി (Annexure A6)
5) ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ OA No. 2230/16 ൽ 28.09.2016-ൽ പുറപ്പെടുവിച്ച വിധിന്യായം.
6) നഗരകാര്യ ഡയറക്ടറുടെ 12.01.2017 തീയതിയിലെ ഇ4-26358/2016 നമ്പർ കത്ത്.
7) തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയുടെ 16.01.2017 തീയതിയിലെ GA7/GA1/44905/2015 നമ്പർ കത്ത്.
8) തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറുടെ 10.01.2017 തീയതിയിലെ എ2/150/2017 നമ്പർ കത്ത്.

**ഉത്തരവ്**

മുനിസിപ്പൽ കോമൺ സർവ്വീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിലെ 6 ഒഴിവുകൾ തിരുവനന്തപുരം നഗരസഭാ സെക്രട്ടറി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 18.03.2015 ലെ സി1/42/15 നമ്പർ കത്ത് പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നഗരസഭയ്ക്ക് 54 പേരുടെ ഒരു ലിസ്റ്റ് നൽകി. ആ ലിസ്റ്റിൽ നിന്നും താഴെപ്പറയുന്ന 6 ഉദ്യോഗാർത്ഥികളെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽ 11620-20240 എന്ന സ്കെയിലിൽ

179 ദിവസത്തേക്ക് താൽക്കാലികമായി നിയമിച്ച് പരാമർശം 1 പ്രകാരം തിരുവനന്തപുരം നഗരസഭാ അഡീഷണൽ സെക്രട്ടറി ഉത്തരവായിരുന്നു.

1. പ്രശാന്ത്. കെ
2. ബിനു കുമാർ. ആർ.
3. അരുൺ കുമാർ. എ.ആർ.
4. ബിജില. എൻ
5. സതീഷ്. ജെ.എസ്.
6. പ്രബൽ. എസ്.

ഇവർക്ക് 04.02.2016 ലെ എ1-44905/2015 നമ്പർ ഉത്തരവ് പ്രകാരം ആദ്യ നിയമനത്തീയതി മുതൽ (10.08.2015 മുതൽ) ഒരു വർഷം വരെ നിയമനം ദീർഘിപ്പിച്ച് നൽകി തിരുവനന്തപുരം കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചു.

2. Employment Exchanges (Compulsory Notification of Vacancies) Act, 1959 പ്രകാരം Employment Exchange ന് റിപ്പോർട്ട് ചെയ്ത മേൽപ്പറഞ്ഞ ഒഴിവിൽ അനുവദനീയമായ ഒരു വർഷം Scale of Pay basis മേൽപ്പറഞ്ഞവർ ജോലി ചെയ്തു കഴിഞ്ഞു.

3. തിരുവനന്തപുരം നഗരസഭയിലെ ഹെൽത്ത് വിഭാഗത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം താൽക്കാലിക നിയമനം ലഭിച്ച് സേവനത്തിൽ തുടരുന്ന മേൽപ്പറഞ്ഞ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവന കാലാവധി 09.08.2016-ൽ അവസാനിക്കുകയാണ് എന്നും മഴക്കാലത്തോടനുബന്ധിച്ചുള്ള രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ, കൊതുകു നിയന്ത്രണം, തിരുവനന്തപുരം നഗരസഭ പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്ന എന്റെ നഗരം സുന്ദര നഗരം പദ്ധതി എന്നിവയ്ക്കായി പ്രസ്തുത ജെ.എച്ച്.ഐ മാരുടെ സേവനംകൂടി ലഭിക്കുകയാണെങ്കിൽ ആയത് വളരെ സഹായകരമായിരിക്കുമെന്നും ഈ സാഹചര്യത്തിൽ പ്രസ്തുത ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം 11.08.2016 മുതൽ 3 മാസക്കാലയളവിലേയ്ക്ക് നിലവിലെ വ്യവസ്ഥയിൽ ദീർഘിപ്പിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകണമെന്നും തിരുവനന്തപുരം കോർപ്പറേഷൻ മേയർ 28.07.2016 ലെ കത്തിൽ സർക്കാരിനോടാവശ്യപ്പെട്ടു.

4. മേൽപ്പറഞ്ഞവരുടെ Employment Exchange വഴിയുള്ള നിയമന കാലാവധി 09.08.2016 ന് പൂർത്തിയായി. ഈ വിഷയത്തിലെ സർക്കാർ/ നഗരകാര്യ ഡയറക്ടറുടെ നിർദ്ദേശം കണക്കിലെടുത്ത് 10.08.2016 ൽ ഒരു ബ്രേക്ക് നൽകിയതിന് ശേഷം 11.08.2016 മുതൽ ഇവർക്ക് 3 മാസക്കാലയളവിലേക്ക് നിയമനം ദിവസവേതനാടിസ്ഥാനത്തിൽ നൽകി തിരുവനന്തപുരം നഗരസഭയുടെ ഹെൽത്ത് ഓഫീസർ പരാമർശം 3 പ്രകാരം നിർദ്ദേശം പുറപ്പെടുവിച്ചു.

5. തങ്ങളെ daily wage ൽ നിയമിച്ചതിനെതിരേ മേൽപ്പറഞ്ഞതിൽ 5 പേർ സർക്കാരിന് പരാമർശം 4 പ്രകാരം ഹർജി സമർപ്പിച്ചു. തങ്ങൾ അനുഭവിച്ചു വന്ന സർവ്വീസ് ബെനഫിറ്റിൽ തങ്ങളെ പുനർ നിയമിച്ച് PSC Hand വരുന്നതുവരെ തുടരുവാൻ അനുവദിക്കുന്നതിന് തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിയ്ക്ക്, നഗരകാര്യ ഡയറക്ടർ മുഖാന്തിരം നിർദ്ദേശം നൽകണമെന്നാണ് ഹർജിയിലെ അവരുടെ ആവശ്യം.

6. ഇതേ ആവശ്യത്തിന് മേൽപ്പറഞ്ഞവർ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA. No. 2230/2016 ഫയൽ ചെയ്തു. ആയതിലെ പരാമർശം 5 പ്രകാരമുള്ള വിധിയിൽ ഹർജിക്കാരുടെ Annexure A6 നിയമപ്രകാരം പരിഗണിച്ച് വിധിയുടെ സർട്ടിഫൈഡ് പകർപ്പ് ലഭിച്ച് ഒരു മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കുവാൻ സർക്കാരിനോട് ബഹു. ട്രിബ്യൂണൽ നിർദ്ദേശിച്ചു. 09.11.2016 ലെ വിധിയിൽ applicants നെ Junior Health Inspector Grade II തസ്തികയിൽ തുടരുവാൻ അനുവദിക്കുവാൻ ബഹു. ട്രൈബ്യൂണൽ ഉത്തരവായി. 23.11.2016 ൽ Interim Order ബഹു. ട്രിബ്യൂണൽ Extend ചെയ്തു.

7. ബഹു. ട്രൈബ്യൂണലിന്റെ വിധി പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി ഹർജിക്കാരെ 11.01.2017-ൽ നേരിട്ട് കേട്ടു. 11.08.2016 മുതൽ തങ്ങൾക്ക് ദിവസവേതനമാണ് നൽകുന്നതെന്നും PSC Hand വരുന്നതുവരെ തങ്ങളെ Scale of Pay basis ൽ തുടരുവാൻ അനുവദിക്കണമെന്നും അവർ ഹിയറിംഗിൽ ബോധിപ്പിച്ചു.

8. Employment Exchange വഴിയുള്ള പാരാമെഡിക്കൽ സ്റ്റാഫുകളുടെ കാലാവധി ഒരു വർഷമായതിനാൽ ഹർജിക്കാരെ ശമ്പള സ്കെയിലിൽ തുടരുവാൻ അനുവദിക്കാവുന്നതല്ലെന്നും, അവരെ ദിവസവേതനത്തിൽ തുടരുവാൻ അനുവദിക്കുകയോ, Employment Exchange മുഖേന പുതിയ ഉദ്യോഗാർത്ഥികളെ നിയമിക്കുവാൻ നടപടി സ്വീകരിക്കുകയോ ചെയ്യണമെന്നാണ് പരാമർശം 6 ലെ നഗരകാര്യ ഡയറക്ടറുടെ ഇക്കാര്യത്തിലെ അഭിപ്രായം.

9. ഹർജിക്കാർക്ക് ട്രൈബ്യൂണലിൽ നിന്നും ലഭിച്ച ഇടക്കാല വിധിയുടെ അടിസ്ഥാനത്തിൽ അവർ ഇപ്പോഴും സേവനത്തിൽ തുടർന്നുവരുന്നുവെന്നും ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ ലഭ്യമാക്കിയ 54 ഉദ്യോഗാർത്ഥികളുടെ ലിസ്റ്റിൽ നിന്നും സാമുദായിക സംവരണം പാലിച്ചുകൊണ്ട് 6 പേർക്ക് മാത്രമാണ് നിയമനം നൽകാനായതെന്നും, ഹർജിക്കാർക്ക് തുടർച്ചയായ സർവ്വീസ് ലഭിക്കുകയും, ശേഷിക്കുന്ന 48 പേർ തൊഴിൽ രഹിതരായി തുടരുകയും ചെയ്യുന്നു എന്ന സാഹചര്യമാണ് നിലവിലുള്ളതെന്നും, നിലവിലെ വ്യവസ്ഥപ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽ Employment Exchange വഴിയാണ് താൽക്കാലിക നിയമനം നൽകേണ്ടതെന്നുമാണ് തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിയുടെ ഈ വിഷയത്തിലെ പരാമർശം 7 ലെ കത്തിലെ അഭിപ്രായം.

10. കാലാവധി പൂർത്തിയായ മേൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നീട്ടി നൽകാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തിയിരുന്നുവെങ്കിൽ മറ്റു സംവരണ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്കു കൂടി അവസരം ലഭിക്കുമായിരുന്നു എന്നും, ഈ കേസിൽ സംവരണ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടമായിരിക്കുകയാണ് എന്നും, തിരുവനന്തപുരം നഗരസഭയ്ക്ക് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികളെ ആവശ്യമുള്ള പക്ഷം തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും കാലതാമസമില്ലാതെ ലിസ്റ്റ് നൽകുന്നതാണെന്നും, ആകയാൽ സർക്കാർ ഉത്തരവുകളും നിലവിലുള്ള വ്യവസ്ഥയും ലംഘിച്ച് ഈ ഉദ്യോഗാർത്ഥികൾക്ക് നിയമനക്കാലാവധി നീട്ടി നൽകരുതെന്നുമാണ് തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറുടെ ഈ വിഷയത്തിലെ പരാമർശം 8 ലെ കത്തിലെ അഭിപ്രായം.

11. മേൽപ്പറഞ്ഞ Annexure A6 ഹർജിയിലെ ആവശ്യം 17.01.1996 ലെ 8857/Adv. C1/94/P&ARD നമ്പർ സർക്കുലർ, 20.09.1997 ലെ GO(MS) 213/97/LAD നമ്പർ ഉത്തരവ് എന്നിവകളും, നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി, തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ എന്നിവരുടെ റിപ്പോർട്ടുകളും സഹിതം സർക്കാർ വിശദമായി പരിശോധിച്ചു. 17.01.1996 ലെ സർക്കുലറും, 20.09.1997 ലെ സർക്കാർ ഉത്തരവും പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 10.08.2015-ൽ ജോലിയിൽ പ്രവേശിച്ച ഹർജിക്കാർക്ക് 09.08.2016 കഴിഞ്ഞ് സർവ്വീസിൽ തുടരുവാനേ അർഹതയില്ല. 21.12.1970 ലെ GO(P) 413/70/PD നമ്പർ ഉത്തരവ് പ്രകാരം കേരളാ സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പ്രകാരമുള്ള Communal rotation chart പാലിച്ചാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നിയമനം നടത്തേണ്ടത്. ഹർജിക്കാരെ ഇനിയും തുടരുവാൻ അനുവദിക്കുന്നത് ചട്ടപ്രകാരം നിയമനം ലഭിക്കേണ്ട അർഹതപ്പെട്ടവരുടെ അവസരം നഷ്ടമാക്കുകയാണ് ചെയ്യുന്നത്.

12. മേൽപ്പറഞ്ഞ സാഹചര്യത്തിൽ പരാമർശം 4 ലെ Annexure A6 ഹർജിയിലെ ആവശ്യം നിരസിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

13. ബഹു. കേരളാ അഡ്മിനിസിട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം 5 പ്രകാരമുള്ള വിധിന്യായം മേൽപ്പറഞ്ഞ പ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**അബുൽ കലാം. എം.,**
**അണ്ടർ സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം.
സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ.
അഡീഷണൽ സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ.
ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, തിരുവനന്തപുരം.
ശ്രീ. ബിനു കുമാർ. ആർ./ ശ്രീ. പ്രശാന്ത്. കെ./ ശ്രീ. അരുൺ കുമാർ. എ. ആർ./ ശ്രീ. സതീഷ്.ജെ.എസ്./ ശ്രീ. പ്രബൽ. എസ്., ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, തിരുവനന്തപുരം കോർപ്പറേഷൻ.
(നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
എക്സി. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(ഈ ഉത്തരവ് വേബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**